# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.77** | **25/04/2017-ന് മറുപടിക്ക്**

### <u>കാലാവധി ദീർഘിപ്പിച്ച പി എസ് സി റാങ്ക് ലിസ്റ്റുകൾ</u>

**<u>ചോദ്യം</u>**

ശ്രീ. കെ.എസ് ശബരീനാഥൻ

**<u>ഉത്തരം</u>**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ ഏതെല്ലാം പി എസ് സി ലിസ്റ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം രണ്ടു തവണയാണ് പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചത്. 29.06.2016-ലെ AV(2)4182/2002/GW പ്രകാരം 30.06.2016 മുതൽ 30.12.2016 വരെ കാലാവധി അവസാനിക്കുന്ന എല്ലാ ലിസ്റ്റുകളുടെയും കാലാവധി 31.12.2016 വരെയും 30.12.2016 ലെ AV(2) 4182/2002/GW പ്രകാരം 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ മൂന്നു വർഷ കാലാവധി പൂർത്തിയാകുന്ന റാങ്കു ലിസ്റ്റുകളുടെ കാലാവധി 30.06.2017 വരെയും നിബന്ധനകൾക്ക് വിധേയമായി പി.എസ്.സി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണം എന്ന് ആവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് സമരം നടത്തിയ ശേഷമാണോ ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ തീരുമാനിച്ചത് ; | (ബി) | 28.12.2016 ലെ മന്ത്രിസഭാ തീരുമാന പ്രകാരമാണ് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ പി.എസ്.സി.യ്ക്ക് ശിപാർശ നൽകിയത്. |
| (സി) | ഇത്തരത്തിൽ ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് മൂലം എത്ര ഉദ്യോഗാർത്ഥികൾക്ക് അധികമായി ജോലി നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | റാങ്ക് പട്ടിക നിലവിലുള്ള കാലയളവിൽ എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ടി റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി യ്ക്ക് നിയമന ശിപാർശ നൽകുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**